**പതിനാലാം കേരള നിയമസഭ**

**18-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1317** **06.02.2020-ൽ മറുപടിയ്ക്ക്**

## തീരദേശ സംരക്ഷണനിയമത്തിന്റെ ലംഘനം

ചോദ്യം

ശ്രീ.വി.ഡി.സതീശൻ :

മറുപടി

**പിണറായി വിജയൻ**

(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് തീരദേശ സംരക്ഷണനിയമം ലംഘിച്ച് പണിത കെട്ടിടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്ന് സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എ) (ബി) (സി) & (ഡി) ഉണ്ട്. ബഹു . സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി 16.10.2019- ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019- ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ കൺവീനറായും 10 തീരദേശ ജില്ലകളിലും തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് തീരദേശപരിപാലന നിയമം ലംഘിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമാവുകയുള്ളൂ . പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും

| | |
|---|---|
| | പരിശോധിച്ച ശേഷമായിരിക്കണം അന്തിമ റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്നും ജില്ല കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുതനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; | |
| (സി) നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളത് ഏത് ഏജൻസിയുടെ സഹായത്തോടെയാണെന്ന് വ്യക്തമാക്കാമോ; | |
| (ഡി) പ്രസ്തുത ഏജൻസി തയ്യാറാക്കിയ പട്ടിക സംബന്ധിച്ച് പരാതി അറിയിക്കുന്നതിനു സംവിധാനം ഒരുക്കിയിട്ടുണ്ടോ; | |
| (ഇ) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2011 ൽ പുറത്തിറക്കിയ കോസ്റ്റൽ റെഗുലേഷൻ സോൺ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണോ ചട്ടലംഘനങ്ങൾ കണ്ടെത്തിയിട്ടുള്ളത്; | (ഇ) 28.02.2019-ന് മുൻപ് തീരദേശ മേഖലയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2011-ലെ CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകളും 1996-ലെ തീരദേശ പരിപാലന പ്ലാനുമായിരിക്കും ബാധകം. |
| (എഫ്) 2019 ൽ ദൂരപരിധി കുറച്ച് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ | (എഫ്) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ |

| | |
|---|---|
| സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അടിയന്തിരമായി പുതിയ പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | സ.ഉ(സാധാ) നം.80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തിരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിയ്ക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ